**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1525 13/06/2014-ൽ മറുപടിയ്ക്ക്

## ചാത്തന്നൂർ മണ്ഡലത്തിലെ മണ്ണ് സംരക്ഷണ പദ്ധതികൾ

ചോദ്യം
ശ്രീ. ജി.എസ്. ജയലാൽ

മറുപടി
**ശ്രീ . കെ.പി.മോഹനൻ**
**(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)**

എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മണ്ണ് സംരക്ഷണ വകുപ്പു മുഖേന ചാത്തന്നൂർ മണ്ഡലത്തിനായി എത്ര പദ്ധതികളാണ് സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതികളിൽ ഏതൊക്കെ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയെന്ന് അറിയിക്കുമോ ;

എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചാത്തന്നൂർ മണ്ഡലത്തിലേയ്ക്കായി മണ്ണു പര്യവേഷണ സംരക്ഷണ വകുപ്പ് സർക്കാരിലേക്ക് പദ്ധതികളൊന്നും സമർപ്പിച്ചിട്ടില്ല.

ബി) മുൻ സർക്കാരിന്റെ ഭരണകാലത്ത് ആരംഭിച്ചതും തുടരുന്നതുമായ എത്ര പദ്ധതികളാണ് നിലവിലുള്ളത്; വിശദാംശം അറിയിക്കുമോ ;

ബി) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ചതും. ഇപ്പോഴും തുടരുന്നതുമായ 2 പദ്ധതികൾ ഉണ്ട്.

1. ദേശീയ നീർമറി വികസന പദ്ധതി (എൻ.ഡബ്ല്യൂ.ഡി.പി.ആർ.എ)യിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പുതക്കുളം വാട്ടർഷെഡ് പദ്ധതി, ചാത്തന്നൂർ നിയമസഭാ മണ്ഡലത്തിലെ പുതക്കുളം, പരവൂർ എന്നീ പഞ്ചായത്തുകളിൽ ഉൾപ്പെടുന്നു. 2100 ഹെക്ടർ വിസ്തീർണ്ണമുളള ഈ നീർത്തട പദ്ധതിയിൽ നാളിതുവരെയായി വിവിധ പ്രവർത്തനങ്ങൾക്കായി 52.28 ലക്ഷം രൂപ ചെവഴിച്ചിട്ടുണ്ട്.
2. ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന നിധി (ആർ.ഐ.ഡി.എഫ്)-15-ൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന മണ്ണയം വാട്ടർഷെഡ് പദ്ധതി ചാത്തന്നൂർ നിയമസഭാ മണ്ഡലത്തിലെ കല്ലുവാതുക്കൽ പഞ്ചായത്തിൽ ഉൾപ്പെടുന്നു. 300 ഹെക്ടർ വിസ്തീർണ്ണമുളള ഈ വാട്ടർ ഷെഡിന്റെ അടങ്കൽ തുക 52.32 ലക്ഷം രൂപയാണ്. നാളിതുവരെ 39.39 ലക്ഷം രൂപ ചെലവഴിച്ച് 170.51 ഹെക്ടർ പ്രദേശത്ത് സംരക്ഷണ പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞിട്ടുണ്ട്.

| | | |
|---|---|---|
| സി) | പ്രസ്തുത വകുപ്പിൽ നിന്നും പദ്ധതികൾ ആവിഷ്കരിക്കുമ്പോഴും ഭരണാനുമതി നൽകുമ്പോഴും ചാത്തന്നൂർ മണ്ഡലത്തെ അവഗണിക്കുന്നുവെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അയത് പരിശോധിച്ച് അർഹമായ പദ്ധതികൾ ചാത്തന്നൂർ മണ്ഡലത്തിലും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) ചാത്തന്നൂർ നിയമസഭാ മണ്ഡലത്തെ മണ്ണു സംരക്ഷണ പ്രവർത്തനങ്ങളിൽ നിന്നും മനഃപൂർവ്വമായി ഒഴിവാക്കുന്ന ഒരു പ്രവർത്തിയും മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പ് സ്വീകരിച്ചിട്ടില്ല. ചാത്തന്നൂർ മണ്ഡലത്തിലെ കല്ലുവാതുക്കൽ, ചിറക്കര പ്രദേശങ്ങൾ ഉൾപ്പെടുത്തി 850 ഹെക്ടർ വിസ്തീർണ്ണമുളള ഒരു ആർ.കെ.വി.വൈ പദ്ധതിയും, പൂയപ്പള്ളി, വെളിനല്ലൂർ എന്നീ പഞ്ചായത്തുകളിലെ 460 ഹെക്ടർ പ്രദേശവും ഉൾപ്പെടുത്തി മരുതംപള്ളി ആർ.ഐ.ഡി.എഫ് പദ്ധതിയും തയ്യാറാക്കി കൊണ്ടിരിക്കുകയാണ്. |

Sreekumar

സെക്ഷൻ ഓഫീസർ